**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 3481**

**24.06.2013-ൽ മറുപടിക്ക്.**

## ജില്ലാ പോലീസ് മേധാവിക്ക് പർച്ചേയ്സിനുള്ള പരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയിലെ പർച്ചേയ്സ് റൂൾ അനുസരിച്ച് ജില്ലാ പോലീസ് മേധാവിക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സ്പെയർ പാർട്സ് പർച്ചേസ് നടത്താൻ അധികാരമുണ്ട് ; | : (എ) പോലീസ് സേനയിലെ പർച്ചേയ്സ് റൂൾ അനുസരിച്ച് ജില്ലാ പോലീസ് മേധാവിക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് 5,000/-രൂപ വരെയുള്ള സ്പെയർ പാർട്സ് പർച്ചേസ് നടത്താൻ അധികാരമുണ്ട്. |
| (ബി) പ്രസ്തുത തുക വളരെ കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ജീപ്പുകളുടെയും ബസ്സുകളുടെയും ടയർ പർച്ചേസ് നടത്തുമ്പോൾ ഒരു വണ്ടിയുടെ നാല് ടയറുകൾക്ക് നാല് പ്രൊപ്പോസലുകൾ പി.എച്ച്.ക്യു.വിലേക്ക് അയക്കേണ്ടിവരുന്നതും, വാഹനങ്ങൾ റിപ്പയർ നടത്തിക്കിട്ടാൻ ഏറെ പ്രയാസപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ജില്ലാ പോലീസ് മേധാവിക്ക് പർച്ചേയ്സ് നടത്താൻ അധികാരമുള്ള തുകയുടെ പരിധി കാലോചിതമായി പരിഷ്ക്കരിക്കുമോ ? | : (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ